മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, വിരാജ്പേട്ടയിലെ കേരളീയരായ ആളുകളുടെയിടയിൽ സംഘർഷാവസ്ഥ നിലനിൽക്കുന്നുണ്ട്, അവിടെയുള്ള കേരളീയർ ഭീതിയിലാണ് കഴിയുന്നത്, അതുകൊണ്ട് സംസ്ഥാന ഗവൺമെൻറ് കർണ്ണാടക ഗവൺമെൻറിനെ സമീപിച്ച് ഇതിന് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കിത്തരണമെന്നുള്ള സന്ദേശം കിട്ടി. പത്ര റിപ്പോർട്ടു മുണ്ടായിരുന്നു. അതിൻെറയടിസ്ഥാനത്തിൽ കിട്ടിയ വിവരങ്ങളും വച്ചുകൊണ്ട് അന്ന് ഞാൻ കർണ്ണാടക മുഖ്യമന്ത്രിയെ വിവരം ധരിപ്പിച്ചു. ഇതിൽ ഇടപ്പെട്ട് ഇതിന് പരിഹാരമുണ്ടാക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെടുകയും ഇതിൽ ആവശ്യമായ മറ്റു നടപടികളും സ്വീകരിക്കണമെന്നു കേന്ദ്ര ആഭ്യന്തര വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കർണ്ണാടക മുഖ്യമന്ത്രി ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചു. അദ്ദേഹം നൽകിയിട്ടുള്ള റിപ്പോർട്ടിൽ ഇത് ഏതെങ്കിലും പ്രദേശങ്ങളും തമ്മിലുള്ള തർക്കമല്ല. രണ്ടുവിഭാഗങ്ങളും തമ്മിലുള്ള തർക്കമാണെന്ന നിഗമനത്തിലാണ് അല്ലെങ്കിൽ ആ നിലയിലാണ് അദ്ദേഹം മറുപടി തന്നിട്ടുള്ളത്. അതുതന്നെയും രണ്ടു വിഭാഗങ്ങളും എന്ന് വിശേഷിപ്പിച്ചുകൂടാ. അവിടെയുണ്ടായ അസുഖകരമായ സംഭവത്തെത്തുടർന്നാണ് ഇത് ഉണ്ടായിട്ടുള്ളതെന്നും അത് തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. മറ്റൊരു സംസ്ഥാനത്തിൻെറ ആഭ്യന്തരകാര്യമായതുകൊണ്ട് കേരളീയർക്ക് യാതൊരു തരത്തിലും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതലായി എന്തെങ്കിലും നിഗമനത്തിൽ എത്തുന്നത് ശരിയല്ല. എന്തായാലും പിന്നീടുള്ള സംഗതികളെക്കുറിച്ച് ഒന്നുകൂടി അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(2) തേവള്ളി പാലത്തിൻെറ ദുരവസ്ഥ

ശ്രീ. തോപ്പിൽ രവി : സർ, കുണ്ടറ നിയോജക മണ്ഡലത്തെ കൊല്ലം നഗരവുമായി ബന്ധപ്പെടുത്തുന്ന തേവള്ളി പാലത്തിൻെറ ദുരവസ്ഥയെക്കുറിച്ച് ഞാൻ ഈ സഭയിൽ ഒന്നിലേറെ തവണ പറഞ്ഞിട്ടുള്ളതാണ്. ഒന്നര വർഷമായി ഈ പാലത്തിൻെറ ഒരു സ്പാൺ താങ്ങുകൊണ്ടിരിക്കുന്നതുമൂലം യാത്രക്കാർക്ക് സഞ്ചരിക്കാൻ സാധിക്കാത്തവിധത്തിലായിരിക്കുകയാണ്. ബസ്സുകളും യാത്രക്കാരെ ഇറക്കി ഓടുന്നതുമൂലം ബസ്സു കിട്ടുന്നതിനു വേണ്ടി രണ്ടുപുറത്തുമുള്ള യാത്രക്കാർ അങ്ങോട്ടുമിങ്ങോട്ടും പരക്കം പായുന്ന ദുഃസ്ഥിതിയാണ് ഒന്നരവർഷക്കാലമായുള്ളത്. ഈ പ്രദേശത്തെ ഒരു നിയമസഭാസാമാജികനെന്നുള്ള നിലയിൽ വളരെയേറെ മാനസികവൈഷമ്യമനുഭവിച്ചാണ് ഞാൻ കഴിയുന്നത്. ഈ സാഹചര്യം ഈ സഭയുടെ ശ്രദ്ധയിൽ മുമ്പും പെടുത്തിയിട്ടുള്ളതാണ്. പക്ഷേ ഇതുവരെയും നടപടികളൊന്നുമായിട്ടില്ല. പാലത്തിൻെറ കേടുപാടുകൾ തീർക്കുന്നതു സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിലും ഈ പാലം പുതുക്കിപ്പണിയാൻ വേണ്ടിയുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചു കാണുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറു കണ്ണുതുറക്കണം, കനിവ് കാണിക്കണമെന്നു ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : 1965-ൽ 15 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച ഒരു പാലമാണ്. പിൽക്കാലത്ത് ഒരു ഭാഗത്തുള്ള ചുമരും സ്പാനുമെല്ലാം തകർന്നുപോയി. ഇതിനു മുമ്പ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഇതു ഉന്നയിച്ചപ്പോഴും അതിൻെറ സാങ്കേതിക വശങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ആലോചിക്കാൻ കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ടെന്നുള്ള മറുപടിയായിരുന്നു ഞാൻ ഇവിടെ പറഞ്ഞത്. അവർ സാങ്കേതിക വശവും സാമ്പത്തികവശവുമെല്ലാം പഠിച്ച് അവരുടെ റിപ്പോർട്ട് ഗവൺമെൻറിനു നൽകികഴിഞ്ഞിട്ടുണ്ട്. ഏകദേശം 60 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതിയാണ് അവർ നൽകിയിട്ടുള്ളത്. ഈ കൊല്ലം ബഡ്ജറ്റിൽ പണമില്ലാത്തതുകൊണ്ട് കാബിനറ്റിന്റെ പ്രത്യേക അനുമതിയോടുകൂടി അതിന് സാംഗ്ഷൻ നൽകി ഈ വർഷം തന്നെ അതിന്റെ പ്രവൃത്തി തുടങ്ങണമെന്നുള്ള ദൃഢനിശ്ചയത്തോടു കൂടിയാണ് ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. അതുകൊണ്ട് താമസംവിനാ അതിന്റെ പ്രവർത്തനം ആരംഭിക്കുമെന്നു മാത്രം ബഹുമാനപ്പെട്ട മെമ്പറെയും ഈ സഭയേയും ഞാൻ അറിയിക്കുകയാണ്.

(2) കണ്ണൂർ ജില്ലയിലെ ശുദ്ധജല ദൗർലഭ്യം

ശ്രീ. എം. വി. രാഘവൻ : സർ, കണ്ണൂർ ജില്ല ഏതാണ്ട് ഒരു വരൾച്ചയുടെ വക്കിലാണ് എത്തിച്ചേർന്നിരിക്കുന്നത്. പ്രത്യേകിച്ചും കണ്ണൂർ, തലശ്ശേരി താലൂക്കുകളിലെ കിണറുകൾ വറ്റി വെള്ളമില്ലാതായിരിക്കുകയാണ്. ആ വിവരം അവിടത്തെ നിയമസഭാ മെമ്പർമാർ കഴിഞ്ഞ അസംബ്ലിയിൽ പറഞ്ഞതാണ്. അഞ്ചരക്കണ്ടി പദ്ധതിയിൽ വെള്ളമില്ല. വെള്ളമുണ്ടെങ്കിൽ തന്നെ കീഴല്ലൂരിൽ പമ്പിംഗ് നടക്കുന്നില്ല ഇതിന്റെ ഫലമായിട്ട് മാസത്തിൽ ഒരു പ്രാവശ്യം പോലും വെള്ളം കിട്ടാത്തതാണ് നഗരത്തിലെ ജനങ്ങളുടെ സ്ഥിതി, 16,000 ശ ലക്ഷം ഗ്യാലൻ ജലം ഒരു ദിവസം വേണമെന്നാണ് വയ്പ്. അതിനു പകരം അതിന്റെ നാലിലൊന്നുപോലും ഇപ്പോൾ കിട്ടുന്നില്ല. ഒരു മാസം വെള്ളം കിട്ടിയില്ലെങ്കിലും അതിന്റെ കാശ് അടയ്ക്കണമെന്നാണ് വ്യവസ്ഥ. കഴിഞ്ഞ വർഷം നമ്മുടെ വാട്ടർ ആൻറ് വെയിറ്റർസ് വാട്ടർ മന്ത്രി ഗംഗാധരൻ 70 ലക്ഷം ഉറുപ്പികയുടെ ഒരു താൽക്കാലിക സ്കീം ഉണ്ടാക്കി. അത് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പക്കലെത്തിയെന്നാണ് പറയുന്നത്. ധനകാര്യ വകുപ്പിൽ നിന്ന് ഇപ്പോഴത് നിയമവകുപ്പിൽ എത്തിയെന്നാണ് പറയുന്നത്. എന്തു നിയമമാണെന്ന് അറിയില്ല, പൈപ്പിനെപ്പറ്റി ഇപ്പോൾ നിയമവകുപ്പ് പരിശോധിക്കുകയാണെന്നാണ് പറയുന്നത്. ധനകാര്യ വകുപ്പിൽ നിന്ന് ഇപ്പോൾ നിയമവകുപ്പിലേക്ക് പോയിരിക്കുകയാണ്. രണ്ടും ബഹുമാനപ്പെട്ട മാണിയുടെ വകുപ്പാണ്. ഈ മന്ത്രിമാർ അവിടെ പോകുമ്പോൾ ഗസ്റ്റ് ഹൗസിൽ ആരെങ്കിലും വെള്ളം ചുമന്നുകൊണ്ടു കൊടുക്കുന്നുണ്ടാകും. ഇപ്പോൾ ഇവിടെ വെള്ളത്തിനുവേണ്ടിയുള്ള പാത്രങ്ങളുടെ ഘോഷയാത്രയാണ്. ഒരു പത്രപ്രവർത്തകൻ തന്നെ എന്നോടു പറഞ്ഞു, രാവിലെ ഉറക്കമെണീറ്റാൽ റോഡിൽ കൂടി നടക്കാൻ കഴിയുന്നില്ല എന്ന്. അത്രയുണ്ട് വെള്ളത്തിന്റെ വൈഷമ്യം. പൈപ്പിൽ വെള്ളമില്ലാ. വെള്ളം കിട്ടുന്നില്ല സർ, ഞാൻ ഒരു ആശുപത്രി നടത്തുകയാണ്, കോപ്പറേറ്റീവ് ആശുപത്രിയാണത്. അഞ്ചുകൊല്ലമായി ആശുപത്രിക്ക് പൈപ്പ് കണക്ഷൻ കിട്ടിയിട്ട്. ഇതുവരേയും വെള്ളം കിട്ടിയില്ല അതാണ് അവിടത്തെ സ്ഥിതി. ഇപ്പോൾ അവിടെയുള്ള ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്ത് അടിയന്തിരമായി നടത്തേണ്ട ഒരു കോടി ഉറുപ്പികയുടെ സ്കീം അയച്ചിട്ടുണ്ടെന്നാണ് പറയുന്നത്. ഈ ബഡ്ജറ്റു വർഷത്തിൽ തന്നെ അത് നടപ്പിൽ വരുത്താൻ സാധിക്കുമോ ? അതിനുള്ള പണമുണ്ടോ എന്താണ് ഗവൺമെൻറ് ചെയ്യാൻ പോകുന്നത് ? ഈ ദാരുണമായ സ്ഥിതിയെപ്പറ്റി മുഖ്യമന്ത്രി പറയണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കണ്ണൂർ, തലശ്ശേരി പട്ടണങ്ങളിലെ ശുദ്ധജല ദൗർലഭ്യം അനുഭവിക്കാത്തവരാരും തന്നെ ഈ

LIBRARY ARCHIVES Kerala Legislative Assembly